

TUESDAY 15-03-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor : George Sebastian          Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/03/2022.

1. കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി തവനൂരിൽ ഈ മാസം 17-ന് (മാർച്ച് 17) നടക്കുന്ന **കാർഷിക യന്ത്രങ്ങളുടെ പ്രദർശന മേള**യിൽ പങ്കെടുക്കാൻ പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രം പട്ടാമ്പിയിൽ നിന്നും കർഷകരെ കൊണ്ടു പോകുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് 5 മണിക്ക് മുമ്പായി **0466-2912008, 0466-2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണമെന്ന് പ്രോഗ്രാം കോർഡിനേറ്റർ അറിയിച്ചു.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 18 വരെ (മാർച്ച് 18 വരെ) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ബേക്കറി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പരിശീലന കേന്ദ്രത്തിൽ നാളെ (മാർച്ച് 16) മുതൽ വി.എഫ്.പി.സി.കെ യുടെ **തളിർ ഗ്രീൻ ഔട്ട്ലെറ്റ്** പ്രവർത്തനം ആരംഭിക്കുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവ കീട കുമിൾ നാശിനികൾ, കാർഷിക ഉപകരണങ്ങൾ, ഗ്രോബാഗുകൾ, മറ്റു ഉൽപ്പാദനോപാധികൾ, ഗുണമേന്മയുള്ള പഴം-പച്ചക്കറികൾ, ഫ്രഷ് കട്ട് വെജിറ്റബിൾ പായ്ക്കറ്റുകൾ എന്നിവ ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വി.എഫ്.പി.സി.കെ തളിർ ഗ്രീൻ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നത്.

4. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴികൾ ഒന്നിന് 85 രൂപ നിരക്കിലും, കടക് നാഥ് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽപ്പെട്ട കോഴികൾ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

22 രൂപ നിരക്കിലും ലഭ്യമാണ്. താൽപര്യമുള്ളവർ **0479-2452277** എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

7. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിവസന്തയ്ക്കും, താറാവ് വസന്തയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു. 36 ദിവസം പൂർത്തിയായ കോഴികളേയും താറാവുകളേയും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള സംവിധാനം മൃഗാശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവകലാശാല, തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ്, ഐ.സി.എ.ആർ- കേന്ദ്ര പോസ്റ്റ് ഹാർവെസ്റ്റ് ആന്റ് എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രം പഞ്ചാബും സംയുക്തമായി പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് മാത്രമായി **കേരളത്തിലെ പഴം-പച്ചക്കറി വിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും** എന്ന വിഷയത്തിൽ ഇന്നും, നാളെയും, മറ്റെന്നാളുമായി (മാർച്ച് 15,16,17) മൂന്ന് ദിവസത്തെ പരിശീലന പരിപാടി വെള്ളായണി കാർഷിക കോളേജിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ **9497031498** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കൊല്ലം ജില്ലയിലെ കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (മാർച്ച് 15) **ആടുവളർത്തലിൽ** ഏകദിനപരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ ആധാർ കാർഡുമായി രാവിലെ 10-ന് മുമ്പ് കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലെത്തണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

10. സംസ്ഥാനത്ത് പെറ്റ്ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾസ് എന്നിവ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് എന്നിവർക്കായി മൃഗസംരക്ഷണ വകുപ്പ് ജില്ലാ

തലത്തിൽ സംഘടിപ്പിക്കുന്ന ബോധവത്ക്കരണത്തിന്റെ ഭാഗമായി പാറശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം ഈ മാസം 22 -ന് (മാർച്ച് 22) രാവിലെ 9 മണി മുതൽ പാറശാല ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ഏകദിന ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **22 ന് താറാവു വളർത്തൽ, 24 ന് തീറ്റപ്പുൽക്കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. ചൂടുകൂടിയസമയങ്ങളിൽ കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം ശരീരത്തിൽ നേരിട്ട് പതിക്കാതെ നോക്കുന്നതുവഴി സൂര്യതാപത്തിൽനിന്നും രക്ഷനേടാം. വെയിലത്ത് പുറത്തിറങ്ങേണ്ടി വന്നാൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക, തണ്ണീർമത്തൻ, ഓറഞ്ച്, മുന്തിരി എന്നീ ഫലങ്ങളും, ചെറുനാരങ്ങ, നെല്ലിക്ക, ആപ്പിൾ എന്നീഫലങ്ങളുടെ പാനീയങ്ങളിലും ദാഹംശമിപ്പിക്കാൻ ഒരു പരിധിവരെ നല്ലതാണ്. വരണ്ട കാലാവസ്ഥ നിലനിൽക്കുന്നതിനാൽ വിളകൾക്ക് ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ആവശ്യാനുസരണം ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പം ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും. ചൂടിൽ നിന്നും സംരക്ഷിക്കാൻ തെങ്ങ്, വാഴ, കമുക് എന്നിവയുടെ തടത്തിൽ പുതയിടുന്നത് നല്ലതാണ്. ചൂടുകൂടിയ അന്തരീക്ഷസ്ഥിതി തുടരുന്ന കാരണം വിളകളിൽ ഇലപ്പേൻ, വെള്ളീച്ച എന്നീ നീരൂറ്റികുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ രണ്ടുശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച്ച ഇടവിട്ടു തളിച്ചുകൊടുക്കുക. വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം.